"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ബഡ്ജറ്റ് പ്രവൃത്തി- 2025 - 26 - മലപ്പുറം, പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ കാപ്പ് മേൽക്കുളങ്ങര റോഡ്, നാട്ടുകൽ പുത്തൂർ അലനല്ലൂർ റോഡ്, 55 മൈൽ തെയ്യോട്ടുചിറ റോഡ്, പാറൽ കിഴക്കേ മണലായ റോഡ്, മുഴന്നമണ്ണ റോഡ്, ചെറുകര ഗേറ്റ് ചെറുമല കൊല്ലംകോട് ചിരട്ടാമല റോഡ്, പള്ളിക്കുന്ന് കാളിക്കടവ് റോഡ്, വളപുരം കുന്നത്ത് പള്ളിയിൽ അമ്പലപ്പടി, എന്നീ റോഡുകളുടെ പുനരുദ്ധാരണത്തിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്**

സ.ഉ.(സാധാ) നം.625/2026/LSGD തീയതി,തിരുവനന്തപുരം, 07-03-2026

---

പരാമർശം:-

1) 28.04.2021-ലെ സ.ഉ.(അച്ചടി) നം.67/2021/ധന.
2) 03.07.2025-ലെ സ.ഉ.(സാധാ.) നം.5647/2025/ധന.
3) 23.08.2025-ലെ സ.ഉ.(സാധാ.) നം.6860/2025/ധന.
4) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 06.02.2026-ലെ LSGD/PD/1171/2026-EW4-നമ്പർ കത്ത്

ഉത്തരവ്

2025-26 ലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II മരാമത്തുപണികളുടെ വിശദ വിവരങ്ങൾ വാല്യം II - ക്രമ നമ്പർ 2758, ആയി ഉൾപ്പെടുത്തി 575 ലക്ഷം രൂപ അടങ്കൽ തുകയും, 20% പ്രൊവിഷനും അനുവദിച്ച് തദ്ദേശസ്വയം ഭരണ വകുപ്പിനെ നിർവ്വഹണ വകുപ്പാക്കി ഉൾപ്പെടുത്തിയ മലപ്പുറം, പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ **'കാപ്പ് മേൽക്കുളങ്ങര റോഡ്, നാട്ടുകൽ പുത്തൂർ അലനല്ലൂർ റോഡ്, 55 മൈൽ തെയ്യോട്ടുചിറ റോഡ്, പാറൽ കിഴക്കേ മണലായ റോഡ്, മുഴന്നമണ്ണ റോഡ്, ചെറുകര ഗേറ്റ് ചെറുമല കൊല്ലംകോട് ചിരട്ടാമല റോഡ്, പള്ളിക്കുന്ന് കാളിക്കടവ് റോഡ്, വളപുരം കുന്നത്ത് പള്ളിയിൽ അമ്പലപ്പടി, എന്നീ റോഡുകളുടെ പുനരുദ്ധാരണത്തിന്'** എന്ന പ്രവൃത്തികളുടെ തുക കൂടി ഉൾപ്പെടുത്തി ച്ചുവടെ ചേർക്കുംപ്രകാരം ഭേദഗതി വരുത്തി പരാമർശം (2 ) പ്രകാരം ഉത്തരവായിരുന്നു.

**1 .കാപ്പ് മേൽക്കുളങ്ങര റോഡ് - 1 കോടി**
**2.55 മൈൽ തെയ്യോട്ടുചിറ റോഡ് - 50 ലക്ഷം**
**3.മുഴന്നമണ്ണ റോഡ് - 50 ലക്ഷം**
**4.ചെറുകര ഗേറ്റ് ചെറുമല കൊല്ലംകോട് ചിരട്ടാമല റോഡ്- 1 കോടി**
**5.പള്ളിക്കുന്ന് കാളിക്കടവ് റോഡ് - 75 ലക്ഷം**
**6.വളപുരം കുന്നത്ത് പള്ളിയിൽ അമ്പലപ്പടി റോഡ്- 50 ലക്ഷം**
**7.നാട്ടുകൽ പുത്തൂർ അലനല്ലൂർ റോഡ്- 1 കോടി**
**8. പാറൽ കിഴക്കേ മണലായ റോഡ്-50 ലക്ഷം**

2) മേൽ ഭേദഗതി വരുത്തിയ പ്രവൃത്തികളിൽ ഉൾപ്പെട്ട **'നാട്ടുകൽ പുത്തൂർ അലനല്ലൂർ റോഡ്'** എന്ന പ്രവൃത്തിക്ക് അനുവദിച്ച 100 ലക്ഷം രൂപയിൽ കുറവ് ചെയ്ത് 50 ലക്ഷം രൂപയാക്കുകയും, **"പള്ളിക്കുന്ന് കാളിക്കടവ് റോഡ്"** എന്ന പ്രവൃത്തിയ്ക്ക് അനുവദിച്ച 75 ലക്ഷം രൂപയുടെ കൂടെ മേൽ തുക കൂടി അനുവദിച്ച് പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക 125 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്ത് പരാമർശം (3) പ്രകാരം വീണ്ടും ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഭേദഗതി ഉത്തരവ് പ്രകാരം ഉൾപ്പെടുത്തിയ ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ DSR 2021 റേറ്റ് ഉൾപ്പെടുത്തി തയ്യാറാക്കിയതും, അക്രഡിറ്റഡ് ഏജൻസിയായ (PMC) S.I.L.K.- പ്രൈസ് മുഖേന തയാറാക്കിയതുമായ എസ്റ്റിമേറ്റിന്മേൽ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (4) പ്രകാരം, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

| ക്രമ നം | പ്രവൃത്തി | തുക (ലക്ഷത്തിൽ) | സെന്റേജ് ചാർജ് |
|---|---|---|---|
| 1 | കാപ്പ് മേൽകുളങ്ങര റോഡ് | 100 | 4.9% |
| 2 | 55 മൈൽ തെയ്യോട്ടുചിറ റോഡ് | 50 | 4.45% |
| 3 | മുഴന്നമണ്ണ റോഡ് | 50 | 4.45% |
| 4 | ചെറുകര ഗേറ്റ് ചെറുമല കൊല്ലംകോട് ചിരട്ടാമല റോഡ് | 100 | 4.9% |
| 5 | പള്ളിക്കുന്ന് കാളിക്കടവ് റോഡ് | 125 | 4.75% |
| 6 | വളപുരം കുന്നത്ത് പള്ളിയിൽ അമ്പലപ്പടി റോഡ് | 50 | 4.45% |
| 7 | നാട്ടുകൽ പുത്തൂർ അലനല്ലൂർ റോഡ് | 50 | 4.45% |
| 8 | പാറാൽ കിഴക്കേ മണലായ റോഡ് | 50 | 4.45% |
| | **ആകെ** | **575** | |

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (3) പ്രകാരമുള്ള ഭേദഗതി ഉത്തരവ് പ്രകാരം ഉൾപ്പെടുത്തിയിരിക്കുന്ന മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ മണ്ഡലത്തിലെ മേൽ പരാമർശിച്ചിരിക്കുന്ന 8 പ്രവൃത്തികൾക്ക് C.T.E.-യുടെ ചുവടെ പറയുന്ന റിമാർക്സിന് വിധേയമായും, P.M.C.-യെ തെരഞ്ഞെടുക്കുന്നതും സെന്റേജ് ചാർജ് അനുവദിക്കുന്നതും സംബന്ധിച്ച്, പരാമർശം (1) പ്രകാരമുള്ള, ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തണമെന്ന വ്യവസ്ഥയിലും 575 ലക്ഷം രൂപയുടെ ( അഞ്ഞൂറ്റി എഴുപത്തിയഞ്ച് ലക്ഷം രൂപയുടെ) ഭരണാനുമതി നൽകിയും, ടി പ്രവൃത്തിക്കാവശ്യമായ ചെലവ് **'4515-00-800-92(NP)'** എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനും അനുമതി നൽകിയും ഉത്തരവാകുന്നു.

## Remarks

1. Scarification of the existing bituminous layer or dismantling of flexible pavement shall be adopted only in severely damaged stretches and gradient correction portions, and the dismantled materials shall be reused with proper compaction;
2. The T.S. authority shall confirm working chainages and ensure the

work is not proposed within defect liability periods or overlapping sanctioned reaches, avoiding duplication of works or proposals under different schemes for the same stretch;

3. T.S. authority shall ensure that the provision for shoulder concrete, berm concrete, Irish drain, etc. shall be allowed as shoulder protection in gradients and curves for a minimum width of 50 CM.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്.(E:3418237/DEV-3/63/2026-Fin dated 05.03.2026) (AS/LGD/25/49532)

ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ വിംഗ്, ഐ.പി.ആർ.ഡി. തിരുവനന്തപുരം

കരുതൽ ഫയൽ. (DB2/116/2026-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 07-03-2026 17:08:28

സെക്ഷൻ ഓഫീസർ